Page 1 of 2

ന്നതാണ്. മററ് ജില്ലകളിൽ ഉദ്യോഗസ്ഥൻമാരെ ഡെപ്യൂട്ടേഷനിൽ കിട്ടുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. ക്ഷേമനിധി ബോർഡിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ പലിശയില്ലാ വായ്പയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡിവിഷണൽ ഓഫീസുകൾ തുടങ്ങുന്നതിന്റെ പ്രാരംഭച്ചെലവുകൾക്കായി 10 ലക്ഷം രൂപ പലിശയില്ലാ വായ്പയായി അനുവദിക്കുന്നതിനുവേണ്ടി ബഡ്ജററിൽ വകകൊള്ളിച്ചിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നുമായി 19,278 കർഷകത്തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്. തൃശ്ശൂർ 15,037, ആലപ്പുഴ 4,241. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വത്തിനു വേണ്ടി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്. തൃശ്ശൂർ—66,991: ആലപ്പുഴ—107,486. പാലക്കാട്—3,279. കൊല്ലം—573. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളികൾ മാസം രണ്ടു രൂപവച്ചും ഭൂ ഉടമകൾ താഴെപ്പറയുന്ന നിരക്കിലും സംഖ്യ അടയ്ക്കേണ്ടതാണ്. അര ഹെക്ടറിൽ കൂടുതലും എന്നാൽ ഒരേക്കറിനു താഴെയുള്ളവരുമായ ഭൂ ഉടമകൾ വർഷംതോറും പത്തുരൂപയും ഒരു ഹെക്ടറിൽ കൂടുതൽ കൃഷിഭൂമിയുള്ള ഭൂ ഉടമ ഓരോ ഹെക്ടറിനും വർഷംതോറും 15 രൂപയും നൽകേണ്ടതാണ്. കർഷകത്തൊഴിലാളികളിൽനിന്ന് ഇതുവരെയായി 2,19,948 രൂപ നിധിയിലേക്ക് പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

മി. സ്പീക്കർ: ബാക്കിയുള്ള സബ്മിഷനുകളെല്ലാം നാളെ എടുക്കാം.

## IV. റൂളിംഗ്

### ഭക്ഷ്യവകുപ്പുമന്ത്രി ഭരണകക്ഷി എം. എൽ. എ.-മാർക്ക് മാത്രമായി കത്തയച്ചു എന്ന ആരോപണം സംബന്ധിച്ച്

ഓർഡർ, ഓർഡർ. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫ ബഹുമാനപ്പെട്ട അംഗങ്ങൾക്കയച്ച ഒരു കത്ത് ഇന്നലെ ഈ സഭയുടെ മേശപ്പുറത്തുവച്ചുകൊണ്ട് അത് പ്രതിപക്ഷാംഗങ്ങളോടുള്ള അവഹേളനമാണെന്നും മററും ശ്രീ. ലോനപ്പൻ നമ്പാടൻ ഇവിടെ ആരോപണം ഉന്നയിക്കുകയുണ്ടായി. പ്രസക്തമായ കത്ത് പരിശോധിച്ച് ഇതിൻമേലുള്ള റൂളിംഗ് പിന്നീടു തന്നുകൊള്ളാമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇന്നലെ പ്രസ്താവിക്കുകയുണ്ടായി.

ഈ കത്ത് സംബന്ധിച്ച് മന്ത്രി ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ നൽകിയിട്ടുണ്ട്. അതുപ്രകാരം ഈ കത്തിൽ ആരെയെങ്കിലും ഫേവർ ചെയ്യുന്ന യാതൊന്നും തന്നെയില്ലെന്നും ഇതിനുമുമ്പും മാവേലി സ്റ്റോറുകൾ എവിടെയാണ് തുടങ്ങേണ്ടതെന്ന് എം. എൽ. എ.-മാരോട് ചോദിച്ച് അവരുടെ നിർദ്ദേശംകൂടി പരിഗണിച്ചാണ് മാവേലി സ്റ്റോറുകൾ കൊടുത്തിട്ടുള്ളതെന്നും, അതേനടപടി ഈ ഗവൺമെന്റും തുടരുന്നുവെന്നും എവിടെയാണ് തുടങ്ങേണ്ടതെന്ന അഭിപ്രായം ആരാഞ്ഞതല്ലാതെ നിർദ്ദേശിക്കുന്ന സ്ഥലത്ത് തുടങ്ങുമെന്ന് കത്തിൽ പറഞ്ഞിട്ടില്ലെന്നും ഈ നിലയിൽ ഫേവർ ചെയ്തിട്ടില്ലായെന്നും ആ കത്തിൽ എന്തെങ്കിലും അഴിമതിയോ മറെറന്തെങ്കിലുമോ ഇല്ലെന്നും സൈക്ലോസ്റ്റൈയിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത പേപ്പറിലാണ് അദ്ദേഹം ഒപ്പിട്ടതെന്നും പറയുകയുണ്ടായി. മൂന്ന് മാവേലി സ്റ്റോറുകൾ ഇല്ലാത്ത എം. എൽ. എ.–മാർക്ക് കൊടുക്കാനാണ് നിർദ്ദേശം കൊടുത്തിരുന്നതെന്നും അതിൽ ഭരണകക്ഷിയെന്ന് എഴുതിയിട്ടുണ്ടോയെന്ന് പരിശോധിച്ചില്ലെന്നും ഭരണകക്ഷിക്ക് മാത്രമല്ല പ്രതിപക്ഷ എം. എൽ. എ.–മാർക്കും ഈ കത്ത് അയച്ചിട്ടുണ്ടെന്നും എല്ലാവർക്കും കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

എല്ലാ അംഗങ്ങൾക്കും കത്ത് കൊടുക്കാൻ നിർദ്ദേശിച്ചെങ്കിലും മന്ത്രിയുടെ ആഫീസിലുണ്ടായ ഒരു ക്ലെറിക്കൽ എറർമൂലമാണ് ''ഭരണകക്ഷി എം. എൽ. എ.–മാർക്കും എം. പി.–മാർക്കും'' എന്നെഴുതാൻ ഇടയായതെന്നും ബന്ധപ്പെട്ട എല്ലാ എം. എൽ. എ.–മാർക്കും കത്തെഴുതിയിട്ടുണ്ടെന്നും ധനകാര്യമന്ത്രിയും പിന്നീട് വിശദീകരിക്കുകയുണ്ടായി.

ചെയർ കത്ത് വിശദമായി പരിശോധിച്ചു. അതിൽ എന്തെങ്കിലും ഫേവറിറ്റിസമോ അഴിമതിയോ ഉള്ളതായി കാണാൻ കഴിഞ്ഞില്ല. സത്യപ്രതിജ്ഞാലംഘനവും അതിൽ അടങ്ങിയിട്ടില്ല. എല്ലാവർക്കും കത്ത് കൊടുക്കുവാൻ നിർദ്ദേശിച്ചെങ്കിലും മന്ത്രിയുടെ ആഫീസിലുണ്ടായ ഒരു ക്ലെറിക്കൽ എറർമൂലമാണ് 'എല്ലാ ഭരണകക്ഷി എം. എൽ. എ.–മാർക്കും എം. പി.–മാർക്കും'. എന്ന് എഴുതാൻ ഇടയായതെന്നും ബന്ധപ്പെട്ട എല്ലാ എം. എൽ. എ.–മാർക്കും കത്തെഴുതിയിട്ടുണ്ടെന്നും ധനകാര്യമന്ത്രിയും വിശദീകരിച്ചിട്ടുണ്ട്. ആരോപണം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട അംഗത്തിന്റെ വിശദീകരണം ശരിയാണെന്നു കണക്കാക്കപ്പെടുന്ന കീഴ്‌വഴക്കമാണ് സഭയ്ക്കുള്ളത്. ഈ വസ്തുതകളുടേയും കീഴ്‌വഴക്കത്തിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത കത്തിൽ പ്രതിപക്ഷങ്ങളോടുള്ള അവഹേളനമോ അഴിമതിയോ പ്രതിജ്ഞാ ലംഘനമോ ഉള്ളതായി ചെയർ കരുതുന്നില്ല. ഈ നിലയിലുള്ള ആരോപണം നിലനിൽക്കുന്നതല്ല. ഇത്തരുണത്തിൽ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ചെയർ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ആഫീസുകളിൽ നിന്നും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ കർശനമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് കൊടുക്കേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച് ശ്രീ. വി. ജെ. തങ്കപ്പൻ തന്ന കത്തിൽ ഇതിൽ അവകാശലംഘനമുൾക്കൊള്ളുന്നു എന്ന പരാമർശം നടത്തിയിട്ടുണ്ട്. നടപടിക്രമം 155, 156 റൂളുകൾ അനുസരിച്ച് മേൽപ്പടി കത്ത് അവകാശലംഘന നോട്ടീസ് ആയി പരിഗണിക്കുവാൻ നിർവാഹമില്ല. അവകാശലംഘനം സംബന്ധിച്ച് അതിനുള്ള ചട്ടപ്രകാരം പ്രത്യേകം നോട്ടീസ് തരുന്നപക്ഷം അത് അപ്പോൾ പരിശോധിക്കാവുന്നതാണ്.

## V. നിയമനിർമ്മാണകാര്യം

### (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1991–ലെ കേരള താല്ക്കാലിക നികുതി പിരിക്കൽ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1991–ലെ കേരള താല്ക്കാലിക നികുതി പിരിക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

*Minister for Irrigation* **(Shri T. M. Jacob)**: Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly